LIBRARY ARCHIVES Kerala Legislative Assembly

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)യുടെ കത്ത്

108 (4099) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)യുടെ 15-10-2014-ലെ 46647/PRU2/2014/ധന.നമ്പർ കത്തിന്റെ സാരാംശം വെളിപ്പെടുത്തുമോ ; പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഈ കത്ത് ആർക്കാണ് അയച്ചിട്ടുള്ളത് ;

(സി) 15-10-2014-ലെ പ്രസ്തുത കത്തിന് ആധാരമായിട്ടുള്ള നിവേദനം/ കത്തിന്റെ സാരാംശവും പകർപ്പും ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇടക്കാലാശ്വാസം അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല എന്നതാണ് ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)യുടെ 15-10-2014-ലെ 46647/പി.ആർ.യു.2/2014/ധന നമ്പർ കത്തിന്റെ സാരാംശം ഈ കത്തിന്റെ പകർപ്പ് ലഭ്യമാക്കുന്നു.

(ബി) ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവ്വീസ് ഓർഗനൈസേഷൻസിന്റെ സംസ്ഥാന കമ്മിറ്റി ജനറൽ സെക്രട്ടറി ആയ ശ്രീ. എസ്. വിജയകുമാരൻ നായർക്കാണ് ഈ കത്ത് അയച്ചിട്ടുള്ളത്.

(സി) മുഴുവൻ സംസ്ഥാന ജീവനക്കാർക്കും 2014 ജൂലൈ മുതൽ അടിസ്ഥാന ശമ്പളത്തിന്റെ 20 ശതമാനം ഇടക്കാലാശ്വാസം അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നതാണ് 15-10-2014-ലെ സർക്കാർ കത്തിന് ആധാരമായിട്ടുള്ള നിവേദനത്തിന്റെ സാരാംശം. നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കുന്നു.

ശമ്പള പരിഷ്കരണം

109 (4100) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എം. ഹംസ :
ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശമ്പളപരിഷ്കരണ കമ്മീഷൻ സർവ്വീസ് സംഘടനകളുമായുള്ള ചർച്ച നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശമ്പള കമ്മീഷന്റെ കാലാവധി നിരന്തരം നീട്ടിക്കൊടുക്കുന്ന സാഹചര്യം ഒഴിവാക്കി ശമ്പള പരിഷ്കരണം സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിക്കാൻ പോകുന്ന നടപടികൾ എന്താണ്;

(സി) 9-ാം ശമ്പള കമ്മീഷൻ 10 മാസംകൊണ്ട് നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ച സാഹചര്യത്തിൽ 10-ാം ശമ്പള കമ്മീഷന്റെ നടപടികൾ നീണ്ടുപോകുന്നത് വേതന പരിഷ്കരണത്തിന്റെ ആനുകൂല്യം ജീവനക്കാർക്ക് വൈകുന്നതിന് കാരണമാകുമോ ;

(ഡി) ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യം എന്നുമുതലായിരിക്കുമെന്ന് കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ പറയുന്നുണ്ടോ; ഇല്ലെങ്കിൽ ഈ കാലയളവിൽ പെൻഷനാകുന്ന ജീവനക്കാർക്ക് ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം നഷ്ടപ്പെടുമോ;

(ഇ) കമ്മീഷന്റെ പ്രവർത്തനം നീണ്ടുപോകുന്നത് എത്ര മാത്രം സാമ്പത്തിക ബാദ്ധ്യത വരുത്തുന്നുണ്ട് ; കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് സർക്കാർ ജീവനക്കാരെ ; ഡെപ്യൂട്ടേഷനിൽ നൽകിയതിനു പുറമേ എത്ര രൂപ ഇതുവരെ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ വിവിധ സംഘടനകളുമായി ഡിസംബർ മാസം രണ്ടാം തീയതി മുതൽ ആരംഭിച്ച ചർച്ച പുരോഗമിച്ചുവരുന്നു.

(ബി) 29-11-2014-ലെ സ.ഉ.(കൈ)നമ്പർ 521/14/ധന ഉത്തരവുപ്രകാരം നിലവിൽ കമ്മീഷന്റെ പ്രവർത്തന കാലാവധി 2015 ജൂൺ മാസം 30-ാം തീയതി വരെയാണ്. കാലാവധിക്കുള്ളിൽത്തന്നെ സർക്കാരിന് ശിപാർശ സമർപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കമ്മീഷന്റെ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നതിനാൽ വേതന പരിഷ്കരണത്തിന്റെ ആനുകൂല്യം ജീവനക്കാർക്ക് വൈകാൻ സാദ്ധ്യതയില്ല.

(ഡി) ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യം എന്നുമുതലായിരിക്കുമെന്ന് കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ പറയുന്നില്ല. കമ്മീഷൻ ശിപാർശ സർക്കാർ തലത്തിൽ സമർപ്പിച്ചതിനുശേഷം മാത്രമേ ഇക്കാര്യങ്ങളെക്കുറിച്ചുള്ള തീരുമാനം ഉണ്ടാകുകയുള്ളൂ.

(ഇ) പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ വിശാലമായ ടേംസ് ഓഫ് റഫറൻസിനെ ആസ്പദമാക്കി സമഗ്രവും ആധികാരികവുമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൂടുതൽ സമയം ആവശ്യമുണ്ടെന്നതിനാലാണ് കമ്മീഷന്റെ പ്രവർത്തന കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്. കമ്മീഷന്റെ പ്രവർത്തനം നീണ്ടുപോകുന്നത് സാമ്പത്തിക ബാദ്ധ്യതയായി കണക്കാക്കേണ്ടതില്ല. ശമ്പളം/ഹോണറേറിയം ഇവ ഒഴികെ വിവിധ ആവശ്യങ്ങൾക്കായി കമ്മീഷൻ നാളിതുവരെ 2,61,701 രൂപ നേരിട്ട് ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly